**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2155** **03-03-2025 - ൽ മറുപടിയ്ക്ക്**

**പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | പാറശാല മണ്ഡലത്തിൽ ആരോഗ്യ കേന്ദ്രങ്ങളോടനുബന്ധിച്ച് പുതിയ ഐസൊലേഷൻ വാർഡുകൾ ആരംഭിക്കുന്ന പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളെയാണ് തിരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | സ.ഉ (ആർ.റ്റി) 1555/2021/ആ.കു.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 140 നിയോജക മണ്ഡലങ്ങളിൽ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിനായി അനുമതി നൽകിയിരുന്നു. ഇതിൽ പാറശ്ശാല നിയോജകമണ്ഡലത്തിലെ പെരുങ്കടവിള ആശുപത്രിയാണ് ഐസൊലേഷൻ വാർഡിന്റെ നിർമ്മാണത്തിനായി പരിഗണിച്ചിരുന്നത്. എന്നാൽ ടി ആശുപത്രിയിലെ സ്ഥല പരിമിതി മൂലം 12.07.2022 -ലെ സ.ഉ (ആർ.റ്റി) 1676/2022/ ആ.കു.വ നമ്പർ ഉത്തരവ് പ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായുള്ള സ്ഥലം സി.എച്ച്.സി പെരുങ്കടവിളയിൽ നിന്നും സി.എച്ച്.സി വെള്ളറടയിലേക്ക് മാറ്റി നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | എത്ര തുകയുടെ പദ്ധതിയാണ് ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഒരു ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി **1,75,96,748/-**രൂപയാണ് അനുവദിച്ചിട്ടുള്ളത്. (സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് **1,31,65,248/-**രൂപയും, ഉപകരണങ്ങൾക്ക് **44,31,500/-**രൂപയും) |
| (സി) | ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം പൂർത്തിയാക്കി എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2025 മാർച്ച് മാസത്തോടു കൂടി ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്ത് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ